# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 812** **10.2.2016 - ലെ മറുപടിക്ക്**

## രാത്രികാല പോസ്റ്റ്മോർട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജുകളിൽ രാത്രി പോസ്റ്റ് മോർട്ടം നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് ഇറങ്ങിയതെന്നും എത്ര ആശുപത്രികളിൽ ഇതനുസരിച്ച് രാത്രി പോസ്റ്റ്മോർട്ടം നടന്നിരുന്നു എന്നും വ്യക്തമാക്കുമോ; | (എ) GO(MS) No.51/2013/Home dated, 23/02/2013, GO(MS) No.239/2015/H&FWD Dated, 26/10/2015 എന്നീ ഉത്തരവുകൾ പ്രകാരമാണ് രാത്രികാല പോസ്റ്റ്മോർട്ടം ഉത്തരവായിട്ടുള്ളത്. എന്നാൽ മെഡിക്കൽ കോളേജുകളിൽ ഇതു പ്രാവർത്തികമാക്കിയിട്ടില്ല. സ്റ്റാഫിന്റേയും, ഇൻഫ്രാസ്ട്രക്ചറിന്റെയും അഭാവമാണ് രാത്രികാല പോസ്റ്റുമോർട്ടം നടപ്പാക്കാതിരിക്കാനുള്ള കാരണം |

(തുടർച്ച.......2)

(ബി) പ്രസ്തുത ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയിതിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് സ്റ്റേ ചെയ്തതെന്നും ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ബഹു.ഹൈക്കോടതി താല്ക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാല പോസ്റ്റ് മോർട്ടം നടപ്പിലാക്കിയ സ.ഉ. (MS) നം.239/15/ H&FWD 26.10.2015 ഉത്തരവിനെതിരെ കേരള മെഡിക്കോ - ലീഗൽ സൊസൈറ്റി സെക്രട്ടറി ബഹു.ഹൈക്കോടതിയിൽ WP(C) No.33874/2015(H) നമ്പർ റിട്ട് ഫയൽ ചെയ്തതിനെ തുടർന്നാണ് പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തത്. പ്രസ്തുത കേസിൽ സർക്കാരിന് വേണ്ടി ഹാജരാവാൻ അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് വിദഗ്ദരുടെ എത്ര തസ്തികകളുണ്ടെന്നും ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ; ഈ ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസ്സിയേറ്റ് പ്രൊഫസർ, എന്നീ തസ്തികകളിലായി 55 തസ്തികകൾ ഉണ്ട്. അതിൽ 19 തസ്തികകളിൽ ഒഴിവുണ്ട്. സ്ഥാനക്കയറ്റം നടത്തി നിയമിക്കാനുള്ള തസ്തികകൾ ഡി.പി.സി. വഴി സ്ഥാനക്കയറ്റം നടത്താനും പ്രവേശന തസ്തികകൾ പി. എസ്. സി. വഴി നികത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ